(സി) 1. വനത്തിനുള്ളിലെ കടവുകളിൽ നിന്നും ശേഖരിക്കുന്നത്.

2. റിസർവ്വോയറിൽ നിന്നും ഖനനം ചെയ്തെടുക്കുന്നത്.

3. അനധികൃതമായി കടത്തുമ്പോൾ പോലീസ്/റവന്യൂ വകുപ്പുകൾ പിടിച്ചെടുക്കുന്ന മണൽ.

(ഡി) കൂടുതൽ കടവുകളിൽ നിന്നും ഡാം റിസർവോയറുകളിൽ നിന്നും മണൽ സംഭരിച്ച് കലവറ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) മണലിനു പുറമേ സിമെന്റ്, കമ്പി, നിർമ്മിതി കേന്ദ്രങ്ങളുടെ ഉൽപ്പാദനശാലകളിൽ നിർമ്മിക്കുന്ന ഹോളോബ്രിക്, കോൺക്രീറ്റ് ജനൽ, വാതിൽ, കട്ടിളകൾ തുടങ്ങിയവയും വിതരണം നടത്തി വരുന്നു.

ലാബിഷാസ്-ന്റെ പ്രവർത്തനങ്ങൾ

218 (2250) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഈ സ്ഥാപനംവഴി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെലവുകുറഞ്ഞ പരിസ്ഥിതിക്ക് ഇണങ്ങുന്ന നിർമ്മാണ രീതികളും സാങ്കേതിക വിദ്യകൾകൊണ്ട് കെട്ടിട നിർമ്മാണ രീതികളുടെ വിപുലവും, വ്യത്യസ്തവുമായ അറിവുകൾ പകർന്നുനൽകുക, ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യയിൽ, സിവിൽ എഞ്ചിനീയറിംഗിലെയും, ആർക്കിടെക്ച്ചറിലേയും ബിരുദധാരികൾക്ക് ഉപരിപഠനത്തിന് അവസരം ഉണ്ടാക്കുക, കെട്ടിട നിർമ്മാണത്തിലെ വ്യത്യസ്ത മേഖലയിൽ ഗവേഷണങ്ങൾ നടത്തുന്നതിനുള്ള സാഹചര്യം ഒരുക്കുക, പ്രദേശിക കെട്ടിട നിർമ്മാണ രീതി മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കുക എന്നിവയാണ് ഈ സ്ഥാപനംവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly